# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3004**

**13.07.2015 - ൽ**
**മറുപടിയ്ക്ക്**

## പോലീസ് സേനയിലെ വനിതാ ജീവനക്കാർ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി. കെ.എസ് സലീഖ** | | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) പോലീസ് സേനയിൽ നിലവിൽ എത്ര ശതമാനം വനിതാ ജീവനക്കാരുണ്ട് ; ഇത് 33 ശതമാനം ആയി ഉയർത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | 6% . സംസ്ഥാന പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 33% ആക്കി ഉയർത്തുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 250 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെയും 60 വനിതാ എസ്.ഐ മാരുടെയും തസ്തിക സൃഷ്ടിക്കുകയുണ്ടായി. |
| (ബി) ഇക്കാര്യത്തിലെ കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത നിർദ്ദേശങ്ങളിൽ, സംസ്ഥാന സർക്കാർ നടപ്പാക്കിയ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ; | (ബി) | ലോക്സഭാ സ്ത്രീ ശാക്തീകരണ കമ്മിറ്റിയുടെ 21-ാം റിപ്പോർട്ടിൽ ചുവടെ ചേർക്കുന്ന ശുപാർശകൾ നൽകിയിട്ടുണ്ട്.<br>1. പോലീസ് സേനയിൽ സ്ത്രീ പ്രാതിനിധ്യം 33% ആയി വർദ്ധിപ്പിക്കുക.<br>2. എൻ.സി.സി 'സി' സർട്ടിഫിക്കറ്റുള്ള വനിതാ ഉദ്യോഗാർത്ഥികൾക്ക് പോലീസ് സേനയിലെ നിയമനത്തിൽ മുൻഗണന നൽകുക.<br>3. പോലീസ് സേനയിലെ സ്ത്രീകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുക.<br>4. 12-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടു കൂടി പോലീസ് സേനയിലെ സ്ത്രീകളുടെ കുട്ടികളുടെ സംരക്ഷണാർത്ഥം Day Care / Creche എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുക.<br>5. സ്ത്രീകൾക്കു മാത്രമുള്ള പോലീസ് സ്റ്റേഷനുകൾ രൂപീകരിക്കുക.<br>ഇതിൽ പോലീസ് സേനയിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പുതിയതായി 6 വനിതാ പോലീസ് സ്റ്റേഷനുകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. |

(സി) വനിതാ ജീവനക്കാരുടെ എണ്ണം 33 ശതമാനമാക്കുന്നതിനായി ഈ സർക്കാർ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്നും എത്ര പേർക്ക് ഈ സർക്കാർ കാലയളവിൽ നിയമനം നൽകി എന്നും വ്യക്തമാക്കുമോ ;

(സി) ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 250 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെയും 60 വനിതാ എസ്.ഐ മാരുടെയും തസ്തിക സൃഷ്ടിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 594 പേർക്ക് വനിതാ കോൺസ്റ്റബിൾ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(ഡി) പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനും സ്ത്രീകൾക്ക് പോലീസ് സ്റ്റേഷനുകളിൽ പരാതികളുമായി നിർഭയം ചെല്ലുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

(ഡി) പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദമാക്കുന്നതിനായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം സ്ത്രീകൾക്ക് പോലീസ് സ്റ്റേഷനിൽ ചെന്ന് നിർഭയം പരാതി നൽകാവുന്നതാണ്. കൂടാതെ, ജില്ലയൊട്ടാകെ അധികാര പരിധിയുള്ള 6 പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ